കേരളസർവകലാശാല

നം.പി.ആർ.70/2022

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2021 നവംബറിൽ നടത്തിയ പാർട്ട് ഒന്ന്, രണ്ട് ബി.എ./അഫ്സൽ-ഉൽ-ഉലാമ (ആന്വൽ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. അഫ്സൽ-ഉൽ-ഉലാമ ഫലം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്. പുനർമൂല്യനിർണ്ണയത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 20.

### ബി.എ./ബി.എ.അഫ്സൽ-ഉൽ-ഉലാമ ഏപ്രിൽ 20 വരെ അപേക്ഷിക്കാം

കേരളസർവകലാശാലയുടെ പാർട്ട് മൂന്ന് ബി.എ./ബി.എ.അഫ്സൽ-ഉൽ-ഉലാമ ഇംപ്രൂവ്മെന്റ് (ഏപ്രിൽ-മെയ് 2022) രണ്ടാംവർഷ പരീക്ഷയ്ക്ക് ഫൈനൽ ഇയർ റെഗുലർ വിദ്യാർത്ഥികൾക്ക് ഏപ്രിൽ 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

### വൈവ വോസി

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം നടത്തുന്ന നാലാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ് (റെഗുലർ – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2017 & 2018 അഡ്മിഷൻ), ഡിസംബർ 2021 പരീക്ഷയുടെ കോംപ്രിഹെൻസീവ് വൈവ വോസി ഏപ്രിൽ 13 ന് കാര്യവട്ടത്തുള്ള വിദൂരവിദ്യാഭ്യാസപഠനകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. എല്ലാ വിദ്യാർത്ഥികളും രാവിലെ 9:15 ന് ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2021 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.കോം. കൊമേഴ്സ് ആന്റ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ 12, 16 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസവിഭാഗം 2022 ഫെബ്രുവരിയിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ ബി.എസ്സി. കമ്പ്യൂട്ടർസയൻസ്/ബി.സി.എ. (റെഗുലർ – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2018, 2017 അഡ്മിഷൻ) (എസ്.ഡി.ഇ.) പരീക്ഷയുടെ പ്രാക്ടിക്കൽ 2022 ഏപ്രിൽ 18 മുതൽ കാര്യവട്ടം ക്യാമ്പസിൽ പ്രവർത്തിക്കുന്ന വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. ഒന്നാംവർഷ ബി.എസ്സി. കമ്പ്യൂട്ടർസയൻസ് വിദ്യാർത്ഥികളുടെ ഡിജിറ്റൽ ഇലക്ട്രോണിക്സ് ലാബിന്റെ പരീക്ഷാകേന്ദ്രം കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ ബി.കോം. (എസ്.ഡി.ഇ.) & രണ്ടാം സെമസ്റ്റർ ബി.കോം. (എസ്.ഡി.ഇ.), മാർച്ച് 2021, ഒന്നാം വർഷ ബി.കോം. (ആന്വൽ) ഏപ്രിൽ 2021 & രണ്ടാം വർഷ ബി.കോം. (ആന്വൽ) ഏപ്രിൽ 2021 എന്നീ പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി.കാർഡും ഹാൾടി

ക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ ഇ.ജെ.- VII (ഏഴ്) ഏപ്രിൽ 7 മുതൽ 11 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## പുതുക്കിയ പരീക്ഷാകേന്ദ്രം

കേരളസർവകലാശാല 2022 ഏപ്രിൽ 18 ന് ആരംഭിക്കുന്ന അവസാനവർഷ ബി.ബി.എ. (ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ) ഡിഗ്രി പരീക്ഷയ്ക്ക് ആലപ്പുഴ ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ആലപ്പുഴ എസ്.ഡി.കോളേജിലും പത്തനംതിട്ട ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ അടൂർ സെന്റ്.സിറിൾസ് കോളേജിലും കൊല്ലം ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം എസ്.എൻ.കോളേജിലും പരീക്ഷ എഴുതേണ്ടതാണ്. തിരുവനന്തപുരം ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച 3021915001 മുതൽ 3021915038 വരെ രജിസ്റ്റർ നമ്പറുള്ള റെഗുലർ വിദ്യാർത്ഥികളും, മുഴുവൻ സപ്ലിമെന്ററി വിദ്യാർത്ഥികളും തിരുവനന്തപുരം കേശവദാസപുരം എം.ജി.കോളേജിലും 3021915039 മുതൽ രജിസ്റ്റർ നമ്പറുള്ള വിദ്യാർത്ഥികൾ തോന്നക്കൽ എ.ജെ.കോളേജിലും പരീക്ഷ എഴുതേണ്ടതാണ്. ഹാൾടിക്കറ്റ് അതാത് പരീക്ഷാകേന്ദ്രങ്ങളിൽ ലഭ്യമാണ്.

## ജർമ്മൻ A1(Deutsch A1), ജർമ്മൻ A2(Deutsch A2) അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല ജർമ്മൻ പഠനവിഭാഗം നടത്തുന്ന ജർമ്മൻ A1(Deutsch A1) കോഴ്സിനും ജർമ്മൻ A2(Deutsch A2) എന്നീ ഹ്രസ്വകാല കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

ജർമ്മൻ A1(Deutsch A1) കോഴ്സ്: യോഗ്യത: പ്ലസ്ടു/തത്തുല്യ യോഗ്യത, കോഴ്സ്ഫീസ്: 8000/-, കാലയളവ്: 80 മണിക്കൂർ (2 മുതൽ 3 മാസം), സമയം: വൈകിട്ട് 5:30 മുതൽ 7:00 വരെ (തിങ്കൾ മുതൽ വ്യാഴം വരെ), ആകെ സീറ്റ്: 30

ജർമ്മൻ A2(Deutsch A2) കോഴ്സ്: യോഗ്യത: പ്ലസ്ടു/തത്തുല്യ യോഗ്യത & ജർമ്മൻ A1 Level/തത്തുല്യ യോഗ്യത, കോഴ്സ്ഫീസ്: 9000/-, കാലയളവ്: 80 മണിക്കൂർ (2 മുതൽ 3 മാസം), സമയം: വൈകിട്ട് 7:30 മുതൽ 9:00 വരെ (ചൊവ്വ മുതൽ വെള്ളി വരെ), ആകെ സീറ്റ്: 30

അപേക്ഷാഫീസ് 105 രൂപയും രജിസ്ട്രേഷൻ ഫീസ് 105 രൂപയുമാണ്. (സർവകലാശാല ക്യാഷ് കൗണ്ടറിലോ ഓൺലൈനായോ ഫീസ് അടയ്ക്കാവുന്നതാണ്). അപേക്ഷാഫോം സർവകലാശാല ജർമ്മൻ പഠനവിഭാഗത്തിൽ നിന്നോ ഓൺലൈനായോ (https://www.keralauniversity.ac.in/dept/dept-home) ലഭ്യമാകുന്നതാണ്. അപേക്ഷകൾ 2022 ഏപ്രിൽ 20 ന് വൈകിട്ട് 4:30 വരെ പാളയം സെനറ്റ്ഹൗസ് ക്യാമ്പസിലെ ജർമ്മൻ പഠനവിഭാഗത്തിൽ സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം,
06.04.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**